(സി)

	No
Keral Service Rules Account Test (Lower) -August 86	3486
Kerala Financial Code Volume II Account Test (Lower)- August 86	3486
Kerala Budget Manual Code Volume 1 Account Test (Lower)-August 86	3486
Keral Account (Higher) Account Test-August 86	3486
Keral Account Volume 11 Account Test (Lower)-August 86	3486
Keral Treasury Code I&II Account Test (Lower)-August 86	3486
Introduction to Indian Audit and Accounts I&III Account Test (Higher)-August 86	3486
Manual of Office procedure other than Secretariat Account Test-August 86	3486

(ഡി) ഉണ്ട്. തീയതി രേഖപ്പെടുത്തിയിട്ടില്ല.

(ഇ) ഇല്ല.

(എഫ്) ചരിത്രത്തിൽ ബിരുദമെടുത്തിട്ടുണ്ട്. Bachelor of Arts (External) from Osmania University, Hydrabad S.N.161 dated 1-02-1992 Roll No.044534 (full time course)

മാതൃഭാഷാ പഠനത്തിന് കർമ്മ പദ്ധതി

58 (3260) ശ്രീ. ജോസഫ് വാഴക്കൻ:
ശ്രീ. ബെന്നി ബെഹനാൻ:
ശ്രീ. പി. എ. മാധവൻ:
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകമെമ്പാടുമുള്ള മലയാളികൾക്ക് മാതൃഭാഷാ പഠനത്തിന് അവസരമൊരുക്കുന്നതിന് മലയാളം മിഷൻ കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള സർക്കാരിന്റെ കീഴിലുള്ള മലയാളം മിഷൻ മറുനാടൻ മലയാളികളുടെ കുട്ടികൾക്ക് മലയാള ഭാഷ പഠിക്കുന്നതിനും കേരള സംസ്കാരം പരിചയപ്പെടുത്തുന്നതിനുമായി പദ്ധതികൾ നടപ്പിലാക്കി വരുന്നു. ലോകമെമ്പാടുമുള്ള പ്രവാസി മലയാളികളുടെ സഹകരണത്തോടെ ഭാരതത്തിലെയും വിദേശത്തെയും വിവിധ സ്ഥലങ്ങളിൽ മലയാള ഭാഷാ പഠനകേന്ദ്രങ്ങൾ സ്ഥാപിക്കുകയും മേൽനോട്ടം വഹിക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക എന്നത് പ്രധാനപ്പെട്ട ഉദ്ദേശ്യലക്ഷ്യമാണ്. ഇന്ത്യയ്ക്കകത്തും വിദേശത്തും പഠനകേന്ദ്രങ്ങൾ ആരംഭിച്ച് പ്രവർത്തനങ്ങൾ നടന്നുവരുന്നു. പഠനകേന്ദ്രങ്ങളിലെ അദ്ധ്യാപകർക്ക് പരിശീലനവും പഠനസാമഗ്രികളും പഠന പ്രവർത്തനങ്ങൾക്കുവേണ്ട സഹായങ്ങളും മലയാളം മിഷൻ നൽകിവരുന്നു. മലയാളം മിഷന്റെ പാഠ്യപദ്ധതി പ്രകാരമുള്ള സർട്ടിഫിക്കറ്റ് കോഴ്സ് (കണിക്കൊന്ന), ഡിപ്ലോമ കോഴ്സ് (സൂര്യകാന്തി), ഹയർ ഡിപ്ലോമ കോഴ്സ് (ആമ്പൽ), സീനിയർ ഹയർ ഡിപ്ലോമ കോഴ്സ് (നീലക്കുറിഞ്ഞി) എന്നീ നാലു കോഴ്സുകളിലൂടെ പത്ത് വർഷം നീണ്ടുനിൽക്കുന്ന പഠനത്തിലൂടെ കേരളത്തിലെ പത്താം ക്ലാസിന് തത്തുല്യമായ നിലവാരത്തിലേക്ക് പഠിതാവിന് എത്താൻ കഴിയുന്ന വിധത്തിലാണ് പാഠ്യപദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. കോഴ്സ് പൂർത്തിയാകുന്ന മുറയ്ക്ക് പരീക്ഷകൾ നടത്തുകയും വിജയികൾക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുകയും ചെയ്തുവരുന്നു.

(സി) കേരളത്തിന് പുറത്ത് മറ്റ് സംസ്ഥാനങ്ങളിലെയും വിദേശത്തെയും പ്രവാസി മലയാളി സംഘടനകളിൽ നിന്നും ആവശ്യം ഉയരുന്നതിനനുസരിച്ച് ഓരോ മേഖലയിലും പഠനകേന്ദ്രങ്ങൾ സ്ഥാപിച്ചു വരുന്നു. പഠിതാക്കൾക്ക് പാഠപുസ്തകങ്ങൾ സൗജന്യമായി നൽകുന്നു. പഠനകേന്ദ്രങ്ങളുടെ ഊർജ്ജിതമായ പ്രവർത്തനത്തിനായി ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചിട്ടുണ്ട്. ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തിയാക്കുന്ന പഠനകേന്ദ്രങ്ങൾക്ക് ധനസഹായം നൽകുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

GPM. 2/244/2020-17

LIBRARY ARCHIVES Kerala Legislative Assembly